**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3380** **21/12/2012-ലെ മറുപടിക്ക്**

**ആർ.കെ.വി.വൈ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്ന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഇ.പി. ജയരാജൻ**<br>**ശ്രീമതി.കെ.കെ. ലതിക**<br>**ശ്രീമതി. പി. അയിഷാ പോറ്റി**<br>**ശ്രീ.സി.കെ. സദാശിവൻ** | **ശ്രീ.കെ.പി. മോഹനൻ**<br>**കൃഷിയും മൃഗ സംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി** |
| എ) രാഷ്ട്രീയ കൃഷി വികാസ് യോജന(ആർ.കെ.വി.വൈ) പ്രകാരം 2012-13 ലേക്ക് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മൊത്തം തുക എത്രയാണ്; | (എ) ആർ.കെ.വി.വൈ പദ്ധതിക്ക് 2012-13 വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ കേരള സംസ്ഥാനത്തിന് 282.26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 156.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികൾക്ക് എന്ത് തുക വീതം ഏതെല്ലാം ഏജൻസികൾക്ക് അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്;അവയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) 21-06-2012 ലെ സ.ഉ(എംഎസ്.)നം. 153/2012/കൃഷി പ്രകാരം 2012-13 വർഷത്തിൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരം അംഗീകരിച്ച പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം '1' ആയി ചേർത്തിട്ടുണ്ട്. |
| സി.) പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്ന പദ്ധതികൾ ഏതൊക്കെയാണ്; പദ്ധതി സഹായം ലഭ്യമാക്കുന്നതിന് അർഹമായ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നുവോ; എങ്കിൽ എപ്പോൾ; | (സി) എസ്.എൽ.എസ്.സി യുടെ പരിഗണനയ്ക്ക് വന്ന പദ്ധതികൾ അനുബന്ധം '2'ആയി ചേർത്തിട്ടുണ്ട്. അപേക്ഷകളൊന്നും ക്ഷണിച്ചിട്ടില്ല. |

ഡി) സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ഏതെല്ലാം വകുപ്പുകളിൽ നിന്നും എത്ര പ്രൊപ്പോസലുകൾ ലഭിക്കുകയുണ്ടായി;

(ഡി) കൃഷി, മൃഗസംരക്ഷണം, മത്സ്യവികസനം, കാർഷിക സർവകലാശാല, ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 33 പദ്ധതികൾ ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. | കൃഷി വകുപ്പ്- | 9 |
| 2. | മൃഗസംരക്ഷണം- | 7 |
| 3. | കാർഷിക സർവകലാശാല- | 4 |
| 4. | പൊതുമേഖലാസ്ഥാപനങ്ങൾ- | 13 |
| | **ആകെ** | **33** |

ഇ) ബന്ധപ്പെട്ട വകുപ്പുകൾ പ്രൊപ്പോസൽ ഇംപ്ലിമെൻേറഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുൻപായി അർഹതപ്പെട്ട സംഘടനകളിൽ നിന്നും യോഗ്യരായ അപേക്ഷകരെ കണ്ടെത്താൻ അപേക്ഷ ക്ഷണിക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ നിന്നും എപ്പോഴെല്ലാം അപേക്ഷ ക്ഷണിച്ചുകൊണ്ട് നോട്ടിഫൈ ചെയ്യുകയുണ്ടായെന്ന് വിശദമാക്കുമോ?

(ഇ) കൃഷി അനുബന്ധ മേഖലകളിൽ വകുപ്പ് തലവന്മാർ അംഗീകരിക്കുന്ന പദ്ധതികളാണ് സർക്കാരിൽ ലഭിക്കുന്നത്. പദ്ധതികൾക്കായി അപേക്ഷ ക്ഷണിക്കാറില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്